**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6484** **20-03-2023 - ൽ മറുപടിയ്ക്ക്**

**കേരള അർബൻ വാട്ടർ സർവീസസ് ഇപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള അർബൻ വാട്ടർ സർവീസസ് ഇപ്രൂവ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള മേൽനോട്ടവും നിർവഹണവും വാട്ടർ അതോറിറ്റിയുടെ പൂർണ്ണ നിയന്ത്രണത്തിലാണോ; വിശദമാക്കുമോ; | (എ) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെന്റ് പ്രോജക്റ്റ് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.<br><br>ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ ലഭ്യമായിട്ടുണ്ട്. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. പദ്ധതിയുടെ നിർവഹണ ഏജൻസി കേരള ജല അതോറിറ്റിയാണ്. ADB മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇമ്പ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടന്റ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൾട്ടൻസിയെ തിരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.<br><br>ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും, തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണ ശാലകളുടെ നവീകരണവും ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണ ശൃംഖലയുടെ നവീകരണവും, ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപന ശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൊച്ചി കോർപ്പറേഷനിൽ ആദ്യ ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും പത്ത് വർഷത്തേക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിക്കായുള്ള ദർഘാസ് 26.04.2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്. കൊച്ചി കോർപ്പറേഷൻ പരിധിയിൽ വരുന്ന വിതരണ പൈപ്പുകളിൽ കാലപ്പഴക്കം ചെന്നവ മാറ്റൽ, കാലപ്പഴക്കം ചെന്ന കുടിവെള്ള കണക്ഷനുകൾ നവീകരിക്കൽ, പുതിയ മീറ്ററുകൾ സ്ഥാപിക്കൽ, ജലസംഭരണികളുടെ അറ്റകുറ്റ പണികൾ, വിതരണ പമ്പ് ഹൗസുകളിലെ കാലപ്പഴക്കം ചെന്ന പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കൽ എന്നിവ ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br><br>ഡിസൈൻ ബിൽഡ് ഓപ്പറേറ്റ് & മെയിന്റനൻസ് (DBOM) വ്യവസ്ഥയിൽ ആദ്യ 7 വർഷം കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങളും അനുബന്ധമായുള്ള അറ്റകുറ്റപ്പണികളും (O&M) പൂർത്തിയാക്കി, തുടർന്നുള്ള 3 വർഷങ്ങളിലേക്കുള്ള അറ്റകുറ്റപ്പണികൾ (O&M) മൊത്തമായും പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമാക്കിക്കൊണ്ട്, 10 വർഷ കാലയളവിൽ പൂർണതയിലെത്തുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിൽ കുടിവെള്ള വിതരണത്തിന്റെ ചുമതല, കേരള ജല അതോറിറ്റിയുടെ മേൽ നോട്ടത്തിൽ കരാർ എടുക്കുന്ന കമ്പനിക്ക് ആയിരിക്കുമെങ്കിൽ തന്നെയും മീറ്റർ റീഡിങ് എടുക്കൽ, റവന്യൂ പിരിക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജല അതോറിറ്റി നിർവഹിക്കുന്നതിനാണ് ധാരണ ആയിട്ടുള്ളത്. ദർഘാസുകൾ ആരംഭ ഘട്ടത്തിൽ ആയതിനാൽ ഇതുമായി ബന്ധപ്പെട്ട ഒരു സ്വകാര്യ കമ്പനിയുമായും കേരള ജല അതോറിറ്റി ഇത് വരെ കരാറിൽ ഏർപ്പെട്ടിട്ടില്ല. എ.ഡി.ബി ലോൺ വ്യവസ്ഥകൾ അന്തിമമാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത പ്രോജക്ടിന്റെ പൈലറ്റ് പദ്ധതി എന്ന നിലയിൽ കൊച്ചിയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. |

ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ ലഭ്യമായിട്ടുണ്ട്. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. പദ്ധതിയുടെ നിർവഹണ ഏജൻസി കേരള ജല അതോറിറ്റിയാണ്. ADB മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇമ്പ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടന്റ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൾട്ടൻസിയെ തിരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും, തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണ ശാലകളുടെ നവീകരണവും ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണ ശൃംഖലയുടെ നവീകരണവും, ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപന ശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

കൊച്ചി കോർപ്പറേഷനിൽ ആദ്യ ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും പത്ത് വർഷത്തേക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിക്കായുള്ള ദർഘാസ് 26.04.2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്. കൊച്ചി കോർപ്പറേഷൻ പരിധിയിൽ വരുന്ന വിതരണ പൈപ്പുകളിൽ കാലപ്പഴക്കം ചെന്നവ മാറ്റൽ, കാലപ്പഴക്കം ചെന്ന കുടിവെള്ള കണക്ഷനുകൾ നവീകരിക്കൽ, പുതിയ മീറ്ററുകൾ സ്ഥാപിക്കൽ, ജലസംഭരണികളുടെ അറ്റകുറ്റ പണികൾ, വിതരണ പമ്പ് ഹൗസുകളിലെ കാലപ്പഴക്കം ചെന്ന പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കൽ എന്നിവ ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഡിസൈൻ ബിൽഡ് ഓപ്പറേറ്റ് & മെയിന്റനൻസ് (DBOM) വ്യവസ്ഥയിൽ ആദ്യ 7 വർഷം കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങളും അനുബന്ധമായുള്ള

| | | | |
|---|---|---|---|
| | | | അറ്റകുറ്റപ്പണികളും (O&M) പൂർത്തിയാക്കി, തുടർന്നുള്ള 3 വർഷങ്ങളിലേക്കുള്ള അറ്റകുറ്റപ്പണികൾ (O&M) മൊത്തമായും പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമാക്കിക്കൊണ്ട്, 10 വർഷ കാലയളവിൽ പൂർണതയിലെത്തുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിൽ കുടിവെള്ള വിതരണത്തിന്റെ ചുമതല, കേരള ജല അതോറിറ്റിയുടെ മേൽ നോട്ടത്തിൽ കരാർ എടുക്കുന്ന കമ്പനിക്ക് ആയിരിക്കുമെങ്കിൽ തന്നെയും മീറ്റർ റീഡിങ് എടുക്കൽ, റവന്യൂ പിരിയ്ക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജല അതോറിറ്റി നിർവഹിയ്ക്കുന്നതിനാണ് ധാരണ ആയിട്ടുള്ളത്. ദർഘാസുകൾ ആരംഭ ഘട്ടത്തിൽ ആയതിനാൽ ഇതുമായി ബന്ധപ്പെട്ട ഒരു സ്വകാര്യ കമ്പനിയുമായും കേരള ജല അതോറിറ്റി ഇത് വരെ കരാറിൽ ഏർപ്പെട്ടിട്ടില്ല. എ.ഡി.ബി ലോൺ വ്യവസ്ഥകൾ അന്തിമമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ